**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173** **11-10-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ; | (എ) | ഭക്ഷ്യപൊതുവിതരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിലാണ് നടത്തിവരുന്നത്. ദേശീയ ഭക്ഷ്യഭദ്രതാനിയമം 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി നടപ്പാക്കിയ വാതിൽപ്പടി വിതരണം, ഇ-പോസ് സ്ഥാപിക്കൽ, റേഷൻകട നവീകരണം, റേഷൻകടകൾ വഴിയുള്ള ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2016-21കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ സപ്ലൈകോയുടെ ഒറ്റശേഖരമംഗലം മാവേലി സ്റ്റോർ, മാരായമുട്ടം മാവേലി സ്റ്റോർ എന്നിവ സൂപ്പർ മാർക്കറ്റ് ആയി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; അവയുടെ പുരോഗതി അറിയിക്കാമോ; | (ബി) | 2022-2027 പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ താലൂക്കിലും വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എൻ.എഫ്.എസ്.എ ഗോഡൗണുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും സുഭിക്ഷാ ഹോട്ടൽ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളായ പെരുങ്കടവിള, മൈലച്ചിൽ, കീഴാറൂർ, തുടലി എന്നീ സ്ഥലങ്ങളിൽ പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. പുതിയ വിൽപ്പനശാലകൾ അനുവദിക്കുന്നതു സംബന്ധിച്ച് നിലവിലെ സർക്കാർ ഉത്തരവ് നം. സ.ഉ.(സാധാ) 386/2019 ത.സ്വ.ഭ.വ. തീയതി 22/02/2019 പ്രകാരമുള്ള 5 വർഷ വാടകരഹിത കെട്ടിടവും കംപ്യൂട്ടർ അനുബന്ധ സാമഗ്രി- കൾക്കായി ഒരു ലക്ഷം രൂപയും അനുവദിച്ചു കിട്ടുന്നതു മുതലായ തീരുമാനങ്ങൾ കൂടി കൈക്കൊണ്ട് ലഭ്യമാക്കുന്നതിനായി അതാത് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. അതു പ്രകാരം അനുയോജ്യമായ |

| | | | |
|---|---|---|---|
| | | | കെട്ടിടം വാടക രഹിതമായി കണ്ടെത്തി ലഭ്യമാക്കിയാൽ വിൽപ്പന സാധ്യത കൂടി പരിശോധിച്ച് ജീവനക്കാരുടെ ലഭ്യതയുടെ കൂടി അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു എന്നുള്ള വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. ആര്യകോട് -21, ഒറ്റശേഖരമംഗലം -12, കള്ളിക്കാട്-8, അമ്പൂരി-11, പാറശ്ശാല-32, കുന്നത്തുകാൽ -24, കൊല്ലയിൽ - 14, വെള്ളറട – 23, പെരുങ്കടവിള – 17 . പാറശ്ശാല നിയോജക മണ്ഡലത്തിന് കീഴിൽ സപ്ലൈകോയുടെ താഴെ പറയുന്ന 11 വിൽപ്പന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. ക്രമ നം സപ്ലൈകോ വിൽപ്പനശാല കാറ്റഗറി പഞ്ചായത്ത് 1. പാറശ്ശാല മാവേലി സ്റ്റോർ പാറശ്ശാല 2. പാറശ്ശാല മെഡിക്കൽ സ്റ്റോർ പാറശ്ശാല 3. കൊല്ലയിൽ മാവേലി സ്റ്റോർ കൊല്ലയിൽ 4. കുറവാട് മാവേലി സ്റ്റോർ കുന്നത്തുകാൽ 5. കാരക്കോണം മാവേലി സ്റ്റോർ കുന്നത്തുകാൽ 6. പൂഴനാട് മാവേലി സ്റ്റോർ ഒറ്റശേഖരമംഗലം 7. കള്ളിക്കാട് മാവേലി സ്റ്റോർ കള്ളിക്കാട് 8. അമ്പൂരി മാവേലി സ്റ്റോർ അമ്പൂരി 9. വെള്ളറട മാവേലി സ്റ്റോർ വെള്ളറട 10. മാരായമുട്ടം സൂപ്പർ മാർക്കറ്റ് പെരുങ്കടവിള 11. ഒറ്റശേഖരമംഗലം സൂപ്പർ മാർക്കറ്റ് ആര്യൻകോട് |

സെക്ഷൻ ഓഫീസർ